പി.ജി.സി.ഐ.എൽ., സി.ഇ.ആർ.സി. തുടങ്ങിയ കേന്ദ്ര ഏജൻസികളുമായി നിരന്തരമായി ബന്ധപ്പെട്ട് കേരളത്തിന് അർഹമായ കോറിഡോർ വിഹിതം ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ട്രാൻസ്മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള അന്തർസംസ്ഥാന അന്തർ റീജിയണൽ ലൈനുകളുടെ നിർമ്മാണത്തിനുള്ള അനുമതി നേടിയെടുക്കാനും കഴിഞ്ഞിട്ടുണ്ട്.

തർക്കങ്ങളിൽപ്പെട്ട് മുടങ്ങിക്കിടന്നിരുന്ന 400 കെ.വി. മൈസൂർ-കോഴിക്കോട് ലൈനിന്റെ നിർമ്മാണം നിരന്തരമായ പരിശ്രമഫലമായി പുനരാരംഭിച്ചു പ്രസ്തുത ലൈൻ ഉടൻ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

റൈറ്റ് ഓഫ് വേ തർക്കങ്ങളിൽപ്പെട്ട് മുടങ്ങിക്കിടക്കുന്ന മൂടമൺ-കൊച്ചി 400 കെ.വി. ലൈനിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പദ്ധതിനിർദ്ദേശം ത്വരിതപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഒരു എക്സിക്യൂട്ടീവ് എൻജിനീയറുടെ നേതൃത്വത്തിൽ പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

സൗജന്യ വൈദ്യുതി കണക്ഷൻ

24 (4606) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

141881 സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

അരൂർ മണ്ഡലത്തിലെ സെക്ഷൻ ഓഫീസുകൾ

25 (4607) ശ്രീ. എ. എം. ആരിഫ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിൽ നിലവിലുള്ള കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ സെക്ഷന്റെയും പരിധിയിൽ എത്ര ഉണരോക്താക്കൾ ഉണ്ട് ;

(സി) ഓരോ സെക്ഷനിലും ഉള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ ;

(ഡി) ആലപ്പുഴ സർക്കിളിൽ ഏറ്റവും കൂടുതൽ ഉണരോക്താക്കൾ ഉള്ള സെക്ഷൻ ഏതാണ് ;

(ഇ) കുത്തിയതോട് സെക്ഷൻ വിഭജിച്ച് ഒരു പുതിയ സെക്ഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അരുർ, അന്തിക്കാട്ട്, പൂച്ചാക്കൽ, കുത്തിയതോട്

(ബി) അരുർ 20733

അന്തിക്കാട്ട് 14017

പൂച്ചാക്കൽ 16899

കുത്തിയതോട് 23000

(സി) അനുബന്ധമായി ചേർക്കുന്നു.*

(ഡി) ആലപ്പുഴ നോർത്ത് സെക്ഷൻ.

(ഇ) പുതിയ സെക്ഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടെ പരിധിയിൽ ഉൾപ്പെടുകയാണെങ്കിൽ തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

വയനാട് അനുവദിക്കുന്ന മീറ്റർ റീഡിംഗ് ലാബ്

26 (4608)* ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ വൈദ്യുതി വകുപ്പിനു കീഴിൽ മീറ്റർ റീഡിംഗ് ലാബ് അനുവദിച്ചിട്ടുണ്ടോ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ഏത് ഏജൻസിയാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ലാബിന്റെ പണി പൂർത്തിയാക്കാത്തതിനു കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. വയനാട്, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിൽ ഈ വർഷം മീറ്റർ റീഡിംഗ് ലാബ് അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി & ഡി) സംസ്ഥാനത്തെ 13 ലാബുകളുടെ പണി സിഡ്കോയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ഒമ്പതെണ്ണം തീർന്നുകഴിഞ്ഞു. തൃശ്ശൂരിലെയും മലപ്പുറത്തെയും ലാബുകളുടെ പണി അന്തിമഘട്ടത്തിലാണ്. വയനാട്ടിലെ ലാബിന്റെ പണി അടുത്തയാഴ്ചയോടുകൂടുമെന്ന് സിഡ്കോ അറിയിച്ചിരിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.